

# വികാരിയിൽ നിന്ന് ...

26-04-2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ വാത്സല്യം ഉള്ളവരെ,

കഴിഞ്ഞ മൂന്ന് വർഷം ബഹ്റിൻ സെൻറ് പോൾസ് ഇടവകയുടെ വികാരിയായി ശുശ്രൂഷ ചെയ്യുവാൻ അവസരം തന്ന ദൈവത്തിൻെറ കരുണയ്ക്ക നന്ദിയും സ്തോത്രവും അർപ്പിക്കുന്നു. പവിഴങ്ങളുടേയും മുത്തുകളുടേയും ദേശമായ ഈ മനോഹരരാജ്യത്തിൽ വരുവാനും ഈവിടെ കുടുംബമായി പാർക്കുവാനും ഇടയായത് വലിയ ഭാഗ്യമായി കരുതുന്നു. എന്നെ ഇവിടെ നിയോഗിച്ച അഭി. മെത്രാപ്പോലീത്താതിരുമേനിയോടു എനിക്കുള്ള നിസ്സീമമായ നന്ദിയും കടപ്പാടും അറിയീക്കുന്നു. എൻെറ ഹൃദയത്തിൽ സൂക്ഷിച്ച് വയ്ക്കുവാൻ നല്ല മുഹൂർത്തങ്ങൾ സമ്മാനിച്ച എല്ലാവരോടും അകമഴിഞ്ഞ നന്ദി അറിയീക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിലെ ഇടവക ചുമതലക്കാർ, കൈസ്ഥാനസമിതി അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ ഇടവകയിലെ മറ്റ് എല്ലാ അംഗങ്ങൾ എല്ലാവരോടും ഹൃദയത്തിൽ നിന്ന് സ്നേഹവും നന്ദിയും കടപ്പാടും അറിയീക്കുന്നു.

ദൈവം തമ്പുരാൻ നിങ്ങളെയും നിങ്ങളുടെ തലമുറകളും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സ്നേഹിച്ചവരോടും, കരുതിയവരോടും കലഹിച്ചവരോടും, നന്ദി അറിയിക്കുന്നു. ആരോടും എനിക്ക് വിദ്വേഷമോ, വെറുപ്പോ, പകയോ ഇല്ല. ഈ രാജ്യത്തിലെ ഭരണാധികാരികാരികൾ പ്രത്യേകിച്ച് ൽ നിന്നും ലഭിച്ച കരുതലിനും, സ്നേഹത്തിനും അദ്ദേഹത്തോട് നന്ദിയും കടപ്പാടും, ബഹുമാനവും അറിയിക്കുന്നു. പുതിയതായി ചുമതല ഏൽക്കുന്ന വികാരി സാം അച്ചനും കുടുംബത്തിനും എല്ലാ ആശംസകളും ഭാവുകങ്ങളും നേരുന്നു. എന്നേക്കാൾ അധികം പ്രിയഅച്ചനോടും കുടുംബത്തോടും നിങ്ങൾ ഏവരും സഹകരിക്കണം. എല്ലാവിധ കൂട്ടായ്മയും സ്നേഹവും, കരുതലും നൽകണമെന്ന് അപേക്ഷിക്കുന്നു. അച്ചൻെറ ശുശ്രൂഷ ദേശത്തിനു അനുഗ്രഹം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മേയ് മാസം 'കർത്താവിൻെറ ഉയിർത്തെഴുന്നേൽപ്പും ആയി ബന്ധപ്പെട്ട സംഭവങ്ങളാണ് കൂടുതലായും ധ്യാനവിഷയം ആക്കിയിരിക്കുന്നത്. ഒന്നാം ആഴ്ച 'പ്രത്യാശ പകരുന്ന പുനരുത്ഥാന അനുഭവം' എന്ന വിഷയം ആണ് ചിന്തിക്കുന്നത്. പ്രത്യാശയുടെ പൊൻപുലരിയാണ്, ഉത്ഥാനത്തിലൂടെ ക്രിസ്തു ലോകത്തിനു സമ്മാനിച്ചത്. മനുഷ്യനെ ഭീതിപ്പെടുത്തുന്ന മരണത്തെ ഇല്ലായ്മ ചെയ്ത സുദിനമാണ് ഈസ്റ്റർ. ശാപത്തെ അനുഗ്രഹമായും, കൈപ്പിനെ മധുരമായും, പരാജയത്തെ വിജയമാക്കുകയും ചെയ്ത പുണ്യദിനമാണ് ഈസ്റ്റർ .മാനവ ചരിത്രത്തിലെ അതുല്ല്യ സംഭവമാണ് കർത്താവിൻെറ ഉയിർത്തെഴുന്നേൽപ്പ്. ഒഴിഞ്ഞ കല്ലറയും, ശിഷ്യന്മാരുടേയും, സ്ത്രീകളുടേയും മറ്റ് വ്യക്തികളുടെ സാക്ഷ്യവും മനുഷ്യവർഗ്ഗത്തിനു ദീപ്തമായ പ്രത്യാശയും, പ്രതീക്ഷയും നൽകുന്നതാണ്. തിന്മയുടെ മേൽ നന്മയുടെ വിജയം, അന്ധകാരത്തിനു മേൽ പ്രകാശത്തിൻെറ വിജയം, മരണത്തിനു മേൽ ജീവൻെറ വിജയം അസത്യത്തിൻെറ മേൽ സത്യത്തിൻെറ വിജയം അതാണ് പുനരുത്ഥാനത്തിൽ സംഭവിച്ചത് രണ്ടമത്തെ ആഴ്ച 'യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ്' എന്ന വിഷയം ആണ് ധ്യാനിക്കുന്നത്. തൻെറ ജീവിതത്തിലെ ഏറ്റവും പ്രതിസന്ധിഘട്ടത്തിൽ തന്നെ വിട്ട് ഓടിപ്പോയ ശിഷ്യഗണങ്ങളെ മാറോട് ചേർത്ത് അവരുടെ കുറവുകൾ ക്ഷമിച്ച് യഥാസ്ഥാനപ്പെടുത്തുന്നവനാണ് കർത്താവ്. കർത്താവിൻെറ ക്രൂശിൻെറ ചുവട്ടിൽ ശിഷ്യന്മാർ ആരും ഇല്ലായിരുന്നു. നമ്മുടെ കുറവുകൾ ക്ഷമിച്ച് നമ്മെ യഥാസ്ഥാനപ്പെടുത്തുന്ന കർത്താവ് നമുക്ക് വേണ്ടി ഇന്നും ജീവിക്കുന്നു. ശിഷ്യന്മാരുടെ ബലഹീനതകൾ നന്നായി അറിയുന്ന കർത്താവ്, അവരെ വിശ്വാസത്തിൽ ഉറപ്പിച്ച്, ധൈര്യം പകർന്ന് അവരെ ചേർത്ത് പിടിച്ച് യഥാസ്ഥാനപ്പെടുത്തുന്നു.

മൂന്നാം ആഴ്ച 'ഉത്ഥിതനായ കർത്താവ് നൽകുന്ന നിയോഗം' എന്നതാണ് ധ്യാനവിഷയം. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ തൻെറ നിയോഗം ഏൽപ്പിക്കുന്നു. താൻ ഉയിത്തെഴുന്നേറ്റു എന്നും ഭൂലോകത്തിൽ ഒക്കേയും പോയി സകല സൃഷ്ടികളോടും ഈ സദ്വാർത്ത അറിയിക്കുവാനും ആണ് ശിഷ്യരെ നിയോഗിച്ചത്. കൂടാതെ സകല ജാതികളെയും സഭയുടെ കൂട്ടായ്മയിലേക്ക്, ശിഷ്യത്വത്തിലേക്ക്, ക്ഷണിക്കുകയും നിയോഗിക്കുകയും ചെയ്യുവാനുള്ള ഉത്തരവാദിത്വം ആണ് കർത്താവ് ശിഷ്യന്മാരെ ഏൽപ്പിക്കുന്നത്. അപ്പോ.പ്രവ. 1:8 ഇപ്രകാരം പറയുന്നു 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും, യഹൂദയിൽ എല്ലായിടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എൻെറ സാക്ഷികളാകും' എന്നതാണ്. പരിശുദ്ധാത്മാവാണു ദൗത്യത്തിനായി നമ്മെ ശക്തീകരിക്കുകയും ഒരുക്കുകയും ചെയ്യുന്നത്. പരിശുദ്ധാത്മാവിൻെറ ആലോചനയ്ക്ക് കീഴ്പ്പെടുമ്പോൾ ചെയ്യേണ്ടകാര്യങ്ങൾ ചെയ്യേണ്ടപോലെ ചെയ്യുവാൻ അവൻ നമ്മെ പ്രാപ്തനാക്കും. ദൗത്യം നമ്മുടേതല്ല, ഉയിത്തെഴുന്നേറ്റ കർത്താവിൻേറതാണ്. കർത്താവിൻെറ ദൗത്യത്തിൽ പങ്ക് ചേരുക എന്നതാണു നമ്മുടെ കടമ. ഉയിത്തെഴുന്നേറ്റ കർത്താവ് നൽകുന്ന ദൗത്യം വിശ്വസ്തതയോടെ നിർവഹിക്കുവാൻ നാം സന്നദ്ധരാകണം. ദൗത്യത്തിൽ കൂടുതൽ കൃപയോടെ, ശക്തിയോടെ മുന്നേറുവാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ.

നാലാം ആഴ്ച 'സ്തുതിക്ക് യോഗ്യനായ കർത്താവ്' എന്നതാണു ചിന്താവിഷയം. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന കർത്താവ് ആരാധനയ്ക്കും, സ്തുതിക്കും യോഗ്യനായ വ്യക്തിത്വം തന്നെയാണ്. ദൈവത്തിൻെറ സർവ്വ മഹത്വവും വെടിഞ്ഞ് മനുഷ്യനായി മരണത്തോളം, ക്രൂശിലെ മരണത്തോളം അനുസരണ ഉള്ളവൻ ആയി തീർന്നത് നമുക്ക് വേണ്ടിയാണ്.

അവൻ രാജാധിരാജൻ ആണ്. സകലത്തിനും അധികാരിയും ആണ്. ന്യായം വിധിക്കാൻ അധികാരമുള്ള കർത്താവ് നമ്മെ ന്യായം വിധിക്കും. മഹത്വത്തോടെ, അധികാരത്തോടെ, ശക്തിയോടെ അവൻ വീണ്ടും വരും. അവൻെറ വീണ്ടും വരവിനായി സഭ പ്രത്യാശയോടെ നോക്കി പാർക്കുകയാണ്. കർത്താവിൻെറ വീണ്ടും വരവിൻെറ ലക്ഷണങ്ങൾ എവിടേയും നമുക്ക് കാണുവാൻ കഴിയും. ആയതിനാൽ മണവാളനായ കർത്താവിനെ എതിരേൽപ്പാൻ ഉണർന്ന്, ജാഗ്രതയോടെ ഒരുങ്ങി കാത്തിരിക്കാം. മണവാളനോടു കൂടെ നിത്യസന്തോഷത്തിൽ മണിയറയിലേക്ക് നമുക്ക് പ്രവേശിക്കുവാൻ കഴിയണമെങ്കിൽ നാം വിശുദ്ധ ജീവിതം നയിക്കണം. കർത്താവിൻെറ വരവ് ആസന്നമായി. മണവാട്ടിസഭയിലെ അംഗങ്ങളായ നാം ഏവരും അവനെ എതിരേൽപ്പാൻ ഒരുങ്ങി, ഉണർന്ന് കാത്തിരിക്കണം.

അതിനു ദൈവം നമ്മെ എല്ലാവരേയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു. മാറാ നാഥാ, കർത്താവേ വേഗം വരേണമേ ആമീൻ.

My Sincere Thanks and may The God Our beloved Lord bless each and everyone..!

എന്ന്, നിങ്ങളുടെ ഇടവക വികാരി.

**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com